# അപ്പോസ്തലിക കൈവെപ്പ്

## പിന്തുടർച്ചയെന്ന സിദ്ധാന്തം അംഗീകരിക്കാത്ത സി എസ് ഐ സഭ.

അപ്പോസ്തലിക കൈവെപ്പ് പിന്തുടർച്ചയെന്ന സിദ്ധാന്തം (Doctrine)അംഗീകരിക്കാത്ത ഒരു എപ്പിസ്കോപ്പൽ സഭയാണ് സിഎസ്ഐ സഭ. യേശുവിന്റെ കൈവെപ്പുണ്ടായിരുന്ന ശിഷ്യന്മാർ അത് തങ്ങളുടെ അടുത്ത തലമുറയക്ക് കൈമാറുകയും അതിന്റെ പിൻതുടർച്ചക്കാരാണ് തങ്ങളെന്ന് വിശ്വസിക്കുകയും ചെയ്യുന്നവരാണ് കത്തോലിക്ക, യാക്കോബായ, ഓർത്തഡോക്സ്, മാർത്തോമ്മ സഭകളിലെ ബിഷപ്പന്മാർ. റോമൻ കത്തോലിക്ക യാക്കോബായ സഭകൾ പത്രോസ് അപ്പോസ്തലന്റെ പിൻതുടർച്ച അവകാശപ്പെടുമ്പോൾ കേരളത്തിലെ ഓർത്തഡോക്സ് സഭ തോമസ് അപ്പോസ്തലന്റെ പിൻതുടർച്ച അവകാശപ്പെടുന്നു. മാർത്തോമ്മ സഭയും തോമസ് അപ്പോസ്തലന്റെ പിൻതുടർച്ചയാണ് അവകാശപ്പെടുന്നത്. സിഎസ്ഐ സഭ ഈ കൈവെപ്പ് പിൻതുടർച്ചയെന്ന സിദ്ധാന്തം തന്നെ അംഗീകരിക്കുന്നില്ല. അപ്പോസ്തലന്മാർ മറ്റുള്ളവർക്ക് കൈവെപ്പ് നടത്തി, ശിഷ്യന്മാർക്ക് പിൻതുടർച്ച നൽകിയതായി പുതിയ നിയമത്തിൽ തെളിവുകളില്ലായെന്നതാണ് സിഎസ്ഐയുടെ പക്ഷം. സിഎസ്ഐയുടെ ദൈവശാസ്ത്ര കമ്മിഷൻ അംഗവും, കണ്ണമ്മൂല വൈദിക സെമിനാരി പ്രിൻസിപ്പലും പിന്നീട് ആംഗ്ലിക്കൻ സഭ ബിഷപ്പുമായിരുന്ന ദിവംഗതനായ ബിഷപ്പ് ജഫ്രി പോൾ ആംഗ്ലിക്കൻ സഭയുടെ മാസികയായ ദ് ചർച്ച്മാനിൽ എഴുതിയ ലേഖനത്തെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ ലേഖനമായതിനാൽ മറിച്ചു പറയാത്തതെല്ലാം ആ ലേഖനത്തിൽ നിന്നുള്ള ഉദ്ധരണികളാണ്. "There is no evidence that any one of the twelve consecrated successors, and the only references to any ordinations at all are to those of Saint Paul, who, although he vigorously argued that he was an apostle, strenuously denied that he stood in the succession. His case is of particular interest.Years after his call and the beginning of his apostolic work, he says that he did meet the other apostles and laid before them the Gospel that he preached, " lest I should be running or had run in vain". Presumably, with his tremendous conviction that there can be but one Body of Christ, Saint Paul means that if the twelve had not recognized his work or accepted his Christians as real Christians, all his labours would have been in vain; but he goes on at once to insist that he did not for an instant submit to the twelve by way of subjection".

വേദപുസ്തകം അടിസ്ഥാനമായി എടുക്കുന്ന സിഎസ്ഐ സഭയും വേദപുസ്തകവും പാരമ്പര്യവും അടിസ്ഥാനമായി കാണുന്ന മറ്റ് എപ്പിസ്കോപ്പൽ സഭകളും തമ്മിലുള്ള വ്യത്യാസമാണിവിടെ കാണിക്കുന്നത്. പാരമ്പര്യമനുസരിച്ച് ഒരിക്കൽ കൈവെപ്പുള്ള ഒരു മെത്രാനിൽ നിന്നു കൈവെപ്പ് ലഭിച്ചാൽ വൈദികനും മെത്രാനുമായി മാറാം. സഭാ വഴക്ക് നടക്കുമ്പോൾ കേരളത്തിൽ നിന്ന് വൈദികർ രഹസ്യമായി ശീമയിൽ പോയി കൈവെപ്പ് വാങ്ങി ബിഷപ്പായ ചരിത്രങ്ങൾ കേരളത്തിലുണ്ട്. അപ്പോസ്തലിക കൈവെപ്പിൻ തുടർച്ച അവകാശപ്പെടുന്ന മെത്രാന്മാർക്ക് ഒരിക്കൽ കിട്ടിയാൽ മരണം വരെ അതിന് സാധുതയുണ്ടാകുമെന്നാണ് പൊതുവേ പറയപ്പെടുന്നത്. താല്പര്യമുള്ള വൈദികർക്ക് മെത്രാൻ പട്ടം കൊടുത്ത അനവധി സംഭവങ്ങൾ സഭാ ചരിത്രത്തിലുണ്ട്.

ആദിമ സഭയിൽ ബിഷപ്പന്മാർ ഉണ്ടായിരുന്നതിനാൽ ആ ചരിത്രം അംഗീകരിച്ചു കൊണ്ടാണ് ബിഷപ്പന്മാർ സിഎസ്ഐയിൽ ആകാമെന്ന് ലയനചർച്ചകൾക്ക് നേതൃത്വം കൊടുത്തവർ തീരുമാനിച്ചത്. ബിഷപ്പന്മാർ അധികാര കേന്ദ്രങ്ങളായി മാറി, ദുർവ്വിനിയോഗമുണ്ടാകുവാനുള്ള സാദ്ധ്യതയും ലയന ചർച്ചകളിൽ ഉണ്ടായി. ബിഷപ്പന്മാർക്ക്, സിഎസ്ഐ ഭരണഘടനയിൽ പറയുന്ന കാര്യങ്ങൾ മാത്രമേ ചെയ്യുവാൻ അനുവാദമുള്ളുവെന്ന് വ്യക്തമായി എഴുതപ്പെട്ടിട്ടുണ്ട്. "However, the constitution of the C.S.I did not leave it to everyone to interpret episcopacy as he wished. It did lay down certain definite guide-lines to its understanding of episcopacy. It underlined that it desired its Bishops to be constitutional Bishops by saying that the Bishops would perform the functions traditionally associated with their office, and then went on to enumerate them in the constitution. It declared that " episcopacy has been accepted in the Church from very early times. It may therefore fitly be called historic "-a deceptively simple assertion, to which it added the assurance that " it is

needed for the shepherding and extension of the C.S.I ", and this declaration was reinforced with the pledge that " continuity with the historic episcopate will be both initially and thereafter effectively maintained ". In a longer paragraph the Basis of Union said : " In making provision for episcopal ordination and consecration, the C.S.I declares that it is its intention and determination in this manner to secure the unification of its ministry, but that this does not involve any judgment upon the validity or regularity of any other form of ministry, and the fact that other Churches do not follow the rule of episcopal ordination will not in itself preclude it from holding relations of communion and fellowship with them". When the Church of England asked it to reconsider this last statement the C.S.I said it could not do so". ബിഷപ്പ് എന്ന സ്ഥാനത്തിന് മറ്റ് സഭകളിൽ നിന്നും വ്യത്യസ്ഥ മായ  അർത്ഥവും മാനവും നൽകണമെന്ന് സിഎ സ്ഐ സഭയുടെ ലയനത്തിന് നേതൃത്വം കൊടുത്ത വർ ആഗ്രഹിച്ചു."It is shown also in the words found in the constitution of the C.S.I that it desires "to express under Indian conditions and in Indian forms, the spirit, the thought, and the life of the Church Universal". I recall my first sight of Bishop Hollis, the C.S.I's first Moderator, who was addressing a meeting of students in Hampstead. A student rose to ask a question: "My Lord", he began. . . . "Not my Lord," interrupted Bishop Hollis ; " we've got rid of Lords in South India" .There was a desire to discover a new pattern of episcopacy in the C.S.I and it did not want to fetter itself at the outset with too precise definitions".

പ്രസ്തുത ലേഖനത്തിൽ മറ്റൊരു ഭാഗത്ത് ഇപ്രകാരം പറയുന്നു."Bishop Sumitra, while Moderator and Bishop in Rayalaseema, wrote a charming sketch of the work of a Bishop as one having little independent administrative authority, primarily a teacher of his clergy and his flock at large, a father-in-God, a leader in evangelism, and a liturgical figure. He ends his sketch with the words, " Thus a Bishop of the C.S.I  has little leisure to dwell upon his status or authority in the Church" . Bishop Legg similarly, writing in the volume of essays entitled *Bishops* and edited by your own Bishop of Llandaff, concludes with these words : "Bishops in the C.S.I are fortunate in the ease with which in Indian conditions they can move amongst the people of town and village, offering and receiving friendship with learned and simple, exercising a personal ministry of reconciliation, admonition, and encouragement among ministers and people. The only authority that is worth much in the Christian Church is the spiritual authority that is rooted in service and flowers in trust and affection. Episcope is only fully Christian if it is a form of diakonia. He who called Himself the Good Shepherd also said, ' I am among you as he that serveth ' ". It is hardly surprising that since the Bishops in general did embody these high ideals, their authority came to be gladly accepted even by those who had at first feared the very name of bishop".

മറ്റ് എപ്പിസ്കോപ്പൽ സഭകളിൽ മെത്രാനായാൽ പിന്നീട് വൈദികന്റെ സ്റ്റാറ്റസല്ല. സി എസ് ഐ യിൽ ബിഷപ്പ്  മുഖ്യ ഇടയനായി (Chief Pastor) ആത്മീയ ഇടയപരിപാലനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. അത്മായരും വൈദികരും ബിഷപ്പന്മാരു മുൾപ്പെടുന്നതാണ് സിഎസ്ഐ സഭയുടെ സിനഡ്. മറ്റ് എപ്പിസ്കോപ്പൽ സഭകളിൽ ബിഷപ്പന്മാർ മാത്രം ഉൾക്കൊള്ളുന്നതാണ് സഭാ സിനഡ്. ബിഷപ്പന്മാരെ തെരഞ്ഞെടുക്കുന്ന എല്ലാ കമ്മിറ്റികളിലും വൈദികരും അത്മായരുമുണ്ടാകും. സിനഡ് സമ്മേളനങ്ങളിൽ ബിഷപ്പന്മാർ ജനങ്ങളോടൊപ്പം സദസിലാണ് ഇരിക്കുന്നത്. വേദിയിൽ മോഡറേറ്ററും ഔദ്യോഗിക ഭാരവാഹികളും മാത്രമേ കാണുകയുള്ളു. മറ്റ് എപ്പിസ്കോപ്പൽ സഭകളിൽ വേദിയിൽ എല്ലാ ബിഷപ്പന്മാരും ഉണ്ടാകും.  സിഎസ്ഐ ബിഷപ്പുമാരുടെ കുപ്പായം വെള്ളകുപ്പായവും അവർക്ക് തലയിൽ കിരീടവും ഇല്ല. (ആംഗ്ലിക്കൻ സഭയിലെ ബിഷപ്പന്മാർ  ചുമന്ന കുപ്പായവും, ഔപചാരിക ചടങ്ങുകളിൽ കിരീടവും ഉപയോഗിക്കുന്നുണ്ട്. ആംഗ്ലിക്കൻ പാരമ്പര്യത്തിൽ നിന്ന് ഇവ രണ്ടും സിഎസ്ഐ എടുത്തില്ല).  മുഖ്യ ഇടയനാണെന്നറിയുവാൻ ചുമന്ന ഇടക്കെട്ടു മാത്രം.  നേരത്തെ സൂചിപ്പിച്ച എപ്പിസ്കോപ്പൽ സഭകളിലെ ബിഷപ്പന്മാർ സന്യാസിമാരായിരിക്കണമെന്ന് നിർബന്ധമുള്ളപ്പോൾ സിഎസ്ഐ സഭയിലെ ബിഷപ്പുമാർ വിവാഹിതരാണ്. കത്തോലിക്ക സഭയിലെ മെത്രാനെ പിതാവ് (Your Excellency, Beatitude) എന്നും യാക്കോബായ, ഓർത്തഡോക്സ് മാർത്തോമ്മാ സഭകളിലെ മെത്രാന്മാരെ തിരുമേനി എന്നും വിളിക്കുമ്പോൾ സിഎസ്ഐയിലെ ബിഷപ്പിനെ ബിഷപ്പെന്നാണ് സംബോധന ചെയ്യുക. ഒരാളെ ബിഷപ്പാക്കണമെങ്കിൽ നിയമാനുസൃതം സംഘടിപ്പിക്കപ്പെട്ട എല്ലാ കമ്മിറ്റികളുടെയും അംഗീകാരം വാങ്ങിയ ശേഷം സിനഡ് എക്സിക്യൂട്ടിവ്  അംഗീകരിക്കുകയും ബിഷപ്പായി വാഴിക്കാനുള്ള അനുവാദം മോഡറേറ്റർക്ക് നൽകുമ്പോൾ മാത്രമേ ഒരച്ചനെ ബിഷപ്പായി വാഴിക്കാനാകു. അപ്പോസ്തലിക പിൻതുടർച്ചയെന്ന സിദ്ധാന്തം സിഎസ്ഐ സഭ അംഗീകരിക്കാത്തതിനാൽ സിഎസ്ഐ സഭയിലെ ബിഷപ്പന്മാരോ സിഎസ്ഐ മോഡറേറ്ററോ ആരുടെയെങ്കിലും തലയിൽ കൈവെച്ചാൽ വൈദികനോ ബിഷപ്പോ ആകില്ല.  സിഎസ്ഐ സഭയുടെ ദർശനവും ഉൾക്കാഴ്ചയും വ്യക്തമാക്കുന്ന ഒരു പുസ്തകമാണ് സിഎസ്ഐ ജനറൽ സെക്രട്ടറിയായി ദീർഘകാലം സേവനം ചെയ്ത രാജയ്യാ ഡി പോളിന്റെ എക്യുമിനിസം ഇൻ ആക്ഷൻ (Ecuminism in Action). ലയന ചർച്ചകൾ മുതൽ 1970ൽ

താമ്പരത്തുകൂടിയ പന്ത്രണ്ടാമത്തെ സിനഡ് വരെയുള്ള ചരിത്രം ഈ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. സിഎസ്ഐ സിനഡ് സിഎസ്ഐയുടെ ദൈവശാസ്ത്ര നിലപാടുകൾക്ക് രൂപം നൽകുന്നതിനാൽ രണ്ടു വർഷത്തിലൊരിക്കൽ കൂടുന്ന സിനഡിന്റെ രേഖകൾ ഈ പുസ്തകത്തിലൂടെയാണ് ലഭിക്കുന്നത്. മറ്റ് ചരിത്ര രേഖകളില്ലാത്തതിനാൽ ഇതിന്റെ പ്രസക്തി വർദ്ധിക്കുന്നു. അദ്ദേഹത്തിന്റെ പുസ്തകത്തിൽ എപ്പിസ്കോപ്പസിയെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. "A unique feature of the position the CSI has taken is in respect of Episcopacy. It accepts the historic episcopacy without accepting the doctrine of apostolic sucession.CSI is an Episcopal Church"(Page 14). "It will be remembered that the non-episcopal churches came into the union with great hesitation. They had not had any experience of Episcopacy as a form of church-government nor had they come into sufficiently close contact with Bishops as individuals and as officials of the Church to know what exactly they stood for in the life of the Church................They agreed with the one episcopal church came into the union (namely, the Anglican Church in India) 'in their desire that the relation of the Bishop to his people should be that of chief pastor and father in God, and that he is called to feed the flock of God, taking the oversight thereof as Shepherd, not as Lord, either in act or in title but as an example to the flock'.(Page 43). മറ്റ് എപ്പിസ്കോപ്പൽ സഭകളിൽ നിന്നും തികച്ചും വ്യത്യസ്തമായ സഭയാണ് സിഎസ്ഐ.

ഡോ. കെ. പി. യോഹന്നാന് സിഎസ്ഐ സഭ എപ്പിസ്കോപ്പൽ പട്ടത്വം നൽകിയിട്ടില്ലായെന്ന സിഎസ്ഐ മോഡറേറ്റർ ബിഷപ്പ് തോമസ് കെ ഉമ്മന്റെ പ്രസ്താവന വിവാദങ്ങളുണ്ടാക്കി. അനുകൂലമായും പ്രതികൂലമായും അനവധി പ്രസ്താവനകളും രേഖകളും ഫെയ്സ് ബുക്കിലും മാധ്യമങ്ങളിലും വരികയുണ്ടായി. ചർച്ചയിൽ പങ്കെടുത്ത പലരും, സിഎസ്ഐ സഭയുടെ ബിഷപ്പ് എന്ന സ്ഥാനത്തെ മറ്റ് എപ്പിസ്കോപ്പൽ സഭകളിലെ ബിഷപ്പന്മാരുമായി താരതമ്യം ചെയ്താണ് പ്രതികരിച്ചത്. സിഎസ്ഐ സഭയുടെ തലവനായ മോഡറേറ്റർ ബിഷപ്പ് തോമസ് കെ ഉമ്മൻ പറഞ്ഞത്, സിഎസ്ഐ സഭ 2004 ൽ പുറത്തിറക്കിയ സിഎസ്ഐ സഭ ദൈവശാസ്ത്ര കമ്മീഷന്റെ റിപ്പോർട്ടിന്റെയും സിനഡ് എക്സിക്യൂട്ടിവിന്റെ മിനിറ്റ്സുകളുടെയും വെളിച്ചത്തിലാണ്. സിഎസ്ഐ യുടെ പിതൃത്വം അവകാശപ്പെട്ട് പരസ്യങ്ങളും പ്രസ്താവനകളും വന്നപ്പോൾ ഒരു സിനഡ് പ്രതിനിധിയുടെ ചോദ്യത്തിന് മറുപടിയായിട്ടാണ് മോഡറേറ്റർ ഈ വിശദീകരണം നൽകിയത്. സിഎസ്ഐയുടെ ഭരണഘടനയനുസരിച്ച് കൈവെപ്പിനുള്ള അധികാരം മോഡറ്റർക്ക് നൽകുന്നത് സിനഡ് എക്സിക്യൂട്ടിവാണ്. അപ്പോസ്തലിക കൈവെപ്പ് പിൻതുടർച്ച അംഗീകരിക്കാത്തതിനാൽ സിഎസ്ഐ സഭയിലെ ബിഷപ്പന്മാർക്ക് അതിനുള്ള അധികാരമില്ല. ഇതാണ് മോഡറേറ്റർ തന്റെ പ്രസ്താവനയിലൂടെ വ്യക്തമാക്കിയത്. മറ്റ് സഭകളിലെ ബിഷപ്പന്മാർ അവകാശപ്പെടുന്നതുപോലെ അപ്പോസ്തലിക കൈവെപ്പ് അധികാരം, സിഎസ്ഐ ബിഷപ്പന്മാർക്ക് അവകാശപ്പെടാനാവില്ല. (അപ്പോസ്തലിക കൈവെപ്പ് പിൻതുടർച്ചയുള്ളവർ ദുരുപയോഗം ചെയ്തതിന്റെ ഫലമായിട്ടാകണം ഇന്ന് മിക്ക എപ്പിസ്കോപ്പൽ സഭകളിലും ബിഷപ്പ് ഭരണഘടനയ്ക്ക് വിധേയമായിട്ടു വേണം പ്രവർത്തിക്കുവാൻ എന്ന നിബന്ധനയുണ്ടാക്കിയിരിക്കുന്നത്). ഇന്ത്യൻ പശ്ചാത്തലത്തിൽ പുതിയ ഉൾക്കാഴ്ചയോടെ പുതിയ ശൈലിയിൽ പ്രവർത്തിക്കാനാണ് ലയന ചർച്ചകൾക്ക് നേതൃത്വം കൊടുത്തവർ ബിഷപ്പെന്ന പദവി സിഎസ്ഐയിൽ ഉണ്ടാവണമെന്നുള്ളതിലൂടെ ആഗ്രഹിച്ചത്. അതുകൊണ്ടു തന്നെയാണ് സിഎസ്ഐ ബിഷപ്പന്മാരെ മറ്റ് സഭകളിലെ ബിഷപ്പന്മാരുമായി താരതമ്യം ചെയ്യരുതെന്ന് ലയന ചർച്ചകൾക്ക് നേതൃത്വം കൊടുത്തവർ ആഗ്രഹിച്ചത്.

മുപ്പതു വർഷങ്ങൾക്ക് ശേഷം സിഎസ്ഐ സഭയുടെ പ്രവർത്തനങ്ങൾ സിനഡ് ഒരു കമ്മീഷനെ വെച്ച് വിലയിരുത്തുകയുണ്ടായി. ആ പുസ്തകത്തിൽ സിഎസ്ഐ സഭയുടെ ലയന ചർച്ചകൾക്ക് നേതൃത്വം കൊടുത്തവർക്ക് എപ്പിസ്കോപ്പസിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ തകിടം മറിഞ്ഞത് വിശദീകരിക്കുന്നുണ്ട്. "Though it is not the intention of the constitution, the Bishop at the Diocesan level and the Presbyter at the Pastorate level has emerged as powerful functionaries. This may be sometimes due to the lack of initiative and leadership among the people and their acquieescence to the authoritarian behaviour of the Bishop or the Presbyter concernd. Sometimes Bishops themeselves have been responsible for this state of affairs. ...... consequently, there is too much decision making power at the top, too much apathy at the grass roots and too much jockeying for positions in the middle. Further too much concentration of power and patronage and prestige in the Bishop has been responsible in some cases for the unseemly, undignified and unchristian race for Bishoprics" (Page 49). ബിഷപ്പ് എന്ന പദവിയെക്കുറിച്ച് സിഎസ്ഐയിൽ ലയിച്ച അംഗസഭകളായ മെതഡിസ്റ്റ്, കോൺഗ്രിഗേഷൻ, പ്രെസ്ബിറ്റേറിയൻ വിഭാഗങ്ങൾ ഉയർത്തിയ ആശങ്കകൾ ശരിയായിരുന്നുവെന്ന് മുപ്പത് വർഷത്തിനു ശേഷം സഭാ സിനഡ് തന്നെ നടത്തിയ വിലയിരുത്തൽ വ്യക്തമാക്കുന്നു.സഭയുടെ ദൗത്യത്തെക്കുറിച്ചും എക്യുമിനിസത്തെക്കുറിച്ചുമുള്ള പത്തൊൻപത് ഇരുപത് നൂറ്റാണ്ടുകളിലുണ്ടായ ചർച്ചകൾ വായിക്കുമ്പോൾ സഭ ഇന്നെവിടെയാണ് നിൽക്കുന്നതെന്നുള്ള ചോദ്യം

പ്രസക്തമാകും. യൂറോപ്പിലുണ്ടായ നവോത്ഥാന ത്തിന്റെ ഫലമായി രൂപം കൊണ്ട മിഷനറി പ്രസ്ഥാന ങ്ങൾ ഭാരതം പോലുള്ള രാജ്യങ്ങളിൽ സുവിശേഷ വേല ചെയ്തതിന്റെ ഫലമായി ഉണ്ടായതാണ് സിഎ സ്ഐ. മറ്റ് എപ്പിസ്കോപ്പൽ സഭകളെ അനുകരിക്കു വാൻ ശ്രമിച്ചുവെന്നതിൽ ചിലപ്പോൾ തെറ്റ് പറ്റിയിട്ടുണ്ട്. സിഎസ്ഐയുടെ ലയന ചർച്ചകളിൽ ഉണ്ടായ അടി സ്ഥാന കാഴ്ചപ്പാടുകൾ പലർക്കുമറിയില്ലായെന്നതു കൊണ്ടാണ് തെറ്റായ ദിശയിൽ ചിലപ്പോഴെങ്കിലും ചലി ക്കുവാനിടയാകുന്നത്. സിഎസ്ഐ സിനഡ് തലത്തിൽ നടന്നു വരുന്ന *ബോർഡർലസ് ചർച്ച്* (Borderless Church) എന്ന ദൈവശാസ്ത്ര ശില്പശാല അതിനുള്ള തുടക്കമാണ്. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളിലും സഭയുടെ ഘടനയിലും ജീവിത ശൈലിയിലും സമൂല മാറ്റങ്ങൾക്കുള്ള തുടക്കമാണ് സിനഡ് തലത്തിൽ തുടർച്ചയായി നടന്നു വരുന്ന അതിരുകളില്ലാത്ത സഭ യെക്കുറിച്ചുള്ള ചർച്ചകൾ. സിഎസ്ഐ അപ്പോസ്ത ലിക കൈവെയ്പ് പിൻതുടർച്ച അംഗീകരിക്കുന്നില്ലാ യെന്ന് മാത്രമല്ല, പ്രേഷിത പ്രവർത്തനങ്ങളിലും സഭ യുടെ പ്രവർത്തന ശൈലിയിലും തികച്ചും നൂതന ശൈലി പിൻതുടരണമെന്നാണ് ലയന ചർച്ചകൾക്ക് നേതൃത്വം നൽകിയവർ ആഗ്രഹിച്ചത്.

**ഡോ.മാത്യു കോശി പുന്നയ്ക്കാട്**

**അടിക്കുറിപ്.** ഈ ലേഖനത്തിൽ പരാമർശിക്കുന്ന രേഖകളെ അടിസ്ഥാനപ്പെടുത്തി ലേഖകന്റെ വ്യക്തിപരമായ വ്യാഖ്യാന വും, പ്രതികരണവുമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. സിഎസ്ഐ സഭയിലെ എപ്പിസ്കോപ്പസിയെക്കുറിച്ച് ആദിമസഭാ നേതൃത്വത്തിനുണ്ടായിരുന്ന കാഴ്ചപ്പാടുകൾ വ്യക്തമാക്കുകയെന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. ഈ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന കാര്യങ്ങളിൽ വസ്തുതാപരമായ തെറ്റുകളുണ്ടെങ്കിൽ രേഖകൾ സഹിതം ദയവായി എഡിറ്ററെ അറിയിക്കണമെന്നഭ്യർത്ഥിക്കുന്നു. ശ്രദ്ധേയമായ അഭിപ്രായങ്ങൾ പ്രസിദ്ധീകരിക്കും.

എഡിറ്റർ

## വൈഎംസിഎ സർഗോത്സവം വേറിട്ട അനുഭവമായി




കോഴഞ്ചേരി : സമകാലിക സമൂഹത്തിന് നേരിട്ടും വരും തലമുറകൾക്ക് ആശയങ്ങളിലൂടെയും ശക്തി പകരുന്ന സാഹിത്യ ശ്രോതസാണ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായെന്ന് മുൻ ദേശീയ ന്യൂനപക്ഷ വിദ്യാ ഭ്യാസ കമ്മീഷനംഗം ഡോ. സിറിയക്ക് തോമസ് പറഞ്ഞു. വൈഎംസിഎ സംസ്ഥാന കൾച്ചറൽ ബോർഡി ന്റെയും ലിറ്ററേച്ചർ ബോർഡിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മാരാമണ്ണിൽ നടന്ന സർഗോത്സവം പരിപാടി യിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഒരു വ്യക്തിയെത്തന്നെ കേന്ദ്രമാക്കി പത്തിലധികം എഴു ത്തുകാർ പുസ്തകരചന നടത്തുന്നതും ഒരേ വ്യക്തിയെത്തന്നെ കേന്ദ്രമാക്കി ഒരു എഴുത്തുകാരൻ തന്നെ മൂന്നി ലധികം പുസ്തകങ്ങൾ രചിക്കുന്നതും സാഹിത്യ ലോകത്തിലെ ഒരു അത്ഭുതമാണെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത വൈഎംസിഎ ദേശീയ പ്രസിഡന്റ് ഡോ ലെബി ഫിലിപ്പ് മാത്യു പറഞ്ഞു. സംസ്ഥാന ചെയർമാൻ പ്രഫ. ജോയ് സി ജോർജ് അദ്ധ്യക്ഷത വഹിച്ചു.

മാർ ക്രിസോസ്റ്റത്തെപ്പറ്റി പുസ്തക രചന നടത്തിയ ജോർജ് സി ഏബ്രഹാം, അഡ്വ ശശി ഫിലിപ്പ്, ഡോ ഏബ്രഹാം കരിക്കം, ഡോ സിറിയക്ക് തോമസ്, അലക്സ് തെക്കൻനാട്ടിൽ, അവിനാഷ് തുണ്ടുമണ്ണിൽ, പ്രഫ തോമസ് കുരുവിള, ഡോ മാത്യു കോശി പുന്നയ്ക്കാട് എന്നിവർക്ക് വൈഎംസിഎ സർഗമുദ്ര നൽകി ആദരിച്ചു.

കേരളത്തിലെ ദൈവശാസ്ത്ര പഠന കേന്ദ്രങ്ങളുടെ വാർഷിക സ്മരണിക അവാർഡ് കോട്ടയം ഓർത്ത ഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി, തിരുവല്ല മാർത്തോമ്മാ എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവർക്ക് നൽകി. മാർ ക്രിസോസ്റ്റം ലേഖന രചയിതാ ക്കളായ റവ. ഡോ. വൈ. റ്റി. വിനയരാജ്, ലിനോജ് ചാക്കോ എന്നിവർക്ക് പുരസ്കാരം നൽകി.

ദേശീയ വനിതാഫോറം ഉപാദ്ധ്യക്ഷ കുമാരി കുര്യാസ്, സംസ്ഥാന ട്രഷറാർ ഡോ മാമ്മൻ സഖറിയ, സംസ്ഥാന കൾച്ചറൽ ബോർഡ് ചെയർമാൻ വർഗീസ് ടി. മങ്ങാട്, സംസ്ഥാന ലിറ്ററേച്ചർ ബോർഡ് ചെയർമാൻ ഡോ റോയ്സ് മല്ലശേരി, സംസ്ഥാന യൂത്ത് വർക്ക് കമ്മിറ്റി ചെയർമാൻ മോട്ടി ചെറിയാൻ, റീജിണൽ സെക്രട്ടറി പോൾസൺ തോമസ്, റവ. രാജു അഞ്ചേരി, ഫാ. ഷൈൻ വി മാത്യു എന്നിവർ പ്രസംഗിച്ചു.